51 ശ്രീ. പി. സീതിഹാജി
52 ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
53 ,, കടവൂർ ശിവദാസൻ
54 ,, നാലകത്തു സൂപ്പി
55 ,, എൻ. ശ്രീനിവാസൻ
56 ,, എൻ. സുന്ദരൻനാടാർ
57 ,, വി. സുരേന്ദ്രൻപിള്ള
58 ,, പി. പി. തങ്കച്ചൻ
59 ,, സി. എഫ്. തോമസ്
60 ,, കെ. കെ. തോമസ്
61 ,, തോമസ് കല്ലംപള്ളി
62 ,, പി. കെ. വേലായുധൻ
63 ,, ടി. വി. വിജയരാജൻ
64 ,, സ്റ്റീഫൻ പാടുവ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ	48
പ്രതികൂലിക്കുന്നവർ	64
നിഷ്പക്ഷത പാലിക്കുന്നവർ	ആരുമില്ല.

(ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു)

ശ്രീ. കെ. മൂസ്സക്കുട്ടി അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

(2) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മുൻഗണന

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുകയാണ്.

"നമ്മുടെ സംസ്ഥാനത്തെ പുതിയ ആശുപത്രി കെട്ടിടങ്ങൾ, കുഴൽ കിണറുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, പട്ടികജാതി പട്ടിക വർഗ്ഗ കോളനികൾ, സെൽഫ് എംപ്ലോയ്മെന്റ് പദ്ധതിയുടെ പരിധിയിൽ പ്പെടുന്ന വൈദ്യുതി ആവശ്യമായിവരുന്ന സ്കീമുകൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു".

നമ്മുടെ സംസ്ഥാനത്ത് വീട്ടമ്മമാർ മുതൽ വൻകിട വ്യവസായികൾ വരെ വേഴാംപലിനെപ്പോലെ കാത്തുനിൽക്കുന്ന ഒന്നാണ് വൈദ്യുതി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു കാലത്ത് 1984-85 കാലഘട്ടങ്ങളിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് വൈദ്യുതി മറ്റു സംസ്ഥാനങ്ങളിലേക്ക് വിൽക്കാൻപോലും സാധിച്ചിരുന്ന ഒരു സാഹചര്യം മുണ്ടായിരുന്നു. അന്ന് നമ്മെ സംബന്ധിച്ചിടത്തോളം ആവശ്യത്തിലധികം വൈദ്യുതിയുണ്ടായിരുന്നു. അന്ന് സമൃദ്ധമായ മഴയുള്ളതുകൊണ്ട് നമുക്ക് ആവശ്യമായ വൈദ്യുതിയുണ്ടായിരുന്നു. പക്ഷെ ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം പദ്ധതികളുടെ അപര്യാപ്തത, തുടങ്ങിയ പദ്ധതികൾ തന്നെ പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥ, മഴയുടെ കുറവ്, ഇത്തരം കാരണങ്ങൾ കൊണ്ട് നമുക്ക് ആവശ്യമായ വൈദ്യുതി ഇല്ലെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരമാർത്ഥമാണ്. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ പ്രമേയത്തിൽ പ്രസക്തമായിട്ടുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കാരണം മനുഷ്യജീവിതത്തിൽ ഏറ്റവും ഒഴിച്ചുകൂടാൻ പറ്റാത്ത പല ഘടകങ്ങളിലേക്കും വൈദ്യുതി എത്തിക്കാൻ വേണ്ടിയാണ് ഞാൻ ഈ പ്രമേയം വഴി ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പദ്ധതികളുടെ കുറവുണ്ട്, നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കാൻ ബുദ്ധിമുട്ടുകളുണ്ട്, മഴയുടെ കുറവുണ്ട് എന്നൊക്കെ ഞാൻ നേരത്തെ സൂചിപ്പിച്ചു. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പലവിധത്തിലുള്ള പ്രതിക്ഷകളോടുകൂടിയാണ് വൈദ്യുതി കണക്ഷനുവേണ്ടി ജനങ്ങൾ കാത്തു കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പല പ്രദേശങ്ങളിലും ആശുപത്രികളുണ്ട്. ഈ ആശുപത്രികളെ സംബന്ധിച്ചിടത്തോളം കെട്ടിടം പൂർത്തിയാക്കി, ആ കെട്ടിടങ്ങളിൽ വയറിംഗ് പൂർത്തിയാക്കി, ചിലപ്പോൾ പോസ്റ്റുകൾ തന്നെ ആവശ്യമില്ലാതെ വരുന്ന ഘട്ടത്തിൽ ഒരു ചെറിയ കണക്ഷൻ കൊടുക്കണമെന്ന് ആവശ്യപ്പെട്ടാൽ അവിടെ സാങ്കേതികമായ ചില തടസ്സങ്ങളുണ്ടെന്ന് ഉദ്യോഗസ്ഥൻമാർ പറയുകയാണ്. വയനാടിനെ സംബന്ധിച്ചിടത്തോളം എന്റെ നിയോജക മണ്ഡലത്തിൽതന്നെയുള്ള ഒരു കാര്യം പറയുകയാണ്. പൊരുന്നന്നൂർ ഹെൽത്ത് സെന്ററിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി ഡി. ഡി. സി. ശക്തമായി ആവശ്യപ്പെടുകയുണ്ടായി. പക്ഷെ അപ്പോഴും അവർ പറയുന്നത് സാങ്കേതികമായി തടസ്സമുണ്ടെന്നാണ്. മനുഷ്യർക്ക് ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു കാര്യമാണ് ആശുപത്രിയെന്നുള്ള കാര്യത്തിൽ സംശയമില്ല. അപ്പോൾ അങ്ങനെയുള്ള സ്ഥാപനങ്ങളിൽപോലും ചില നിബന്ധനകളുണ്ടാകുമ്പോൾ വളരെ വിഷമമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ആ നിബന്ധനകളൊക്കെ പാലിച്ചാൽത്തന്നെയും ഒരു ലിമിറ്റുണ്ടാക്കണം. പക്ഷെ ഈ ഡിപ്പാർട്ടുമെന്റ് കോൺട്രബ്യൂഷനടയ്ക്കാനോ മറ്റു സംവിധാനങ്ങളോ ആവശ്യമായി വരുമ്പോൾ അങ്ങനെയുള്ള സാഹചര്യങ്ങളിൽ അതടച്ചാൽപോലും ഇത്ര കാലത്തിനുള്ളിൽ അടിയന്തിരമായി കണക്ഷൻ കൊടുക്കാനുള്ള ഒരു ഡയറക്ഷൻ ഗവൺമെന്റ് ഭാഗത്തു നിന്നും ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെതന്നെ ലിഫ്റ്റിറ്റ് ഇറിഗേഷൻ. എന്റെ നിയോജക മണ്ഡലത്തിൽത്തന്നെ നിരവധി ലിഫ്റ്റ് ഇറിഗേഷനുകളുണ്ട്. ആ ലിഫ്റ്റിറ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം അതിന് കണക്ഷൻ കൊടുക്കാത്തതുണ്ട്. എന്റെ പ്രദേശമെന്നു പറഞ്ഞാൽ മൈസൂറിന്റെ അതിർത്തിയാണ്. കബനി പുഴ നമ്മുടെ നാട്ടിൽക്കൂടി ഒഴുകിപ്പോകുമ്പോൾ വളരെയധികം വെള്ളം നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം ഇപ്പോൾ അരികുറ്റവുള്ള ഒരു സംസ്ഥാനമാണ്. അരിയുൽപ്പാദനത്തിന് കൂടുതൽ പ്രയോജനകരമായ രീതിയിൽ വൈദ്യുതി കിട്ടുകയാണെങ്കിൽ കബനി പുഴയിൽനിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത് ധാരാളം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും. അതുകൊണ്ട് വൈദ്യുതി കിട്ടാത്തതുകൊണ്ട് പല ലിഫ്റ്റിറ്റ് ഇറിഗേഷനും നടപ്പിലാക്കാൻ സാധിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കൂടൽക്കടവ് ലിഫ്റ്റിറ്റ് ഇറിഗേഷന് ആവശ്യമായിട്ടുള്ള വൈദ്യുതി കിട്ടിയിട്ടില്ല. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ മരക്കടവ് ലിഫ്റ്റ് ഇറിഗേഷന്റെ കാര്യം ഇന്നലെ ഇവിടെ ശ്രദ്ധക്ഷണിക്കൽമൂലം ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ ആ കാര്യത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ പരിഗണനയുണ്ടാകണം. വൈദ്യുതിയുടെ പരിമിതിയുണ്ടെങ്കിൽതന്നെയും ചില കാര്യങ്ങൾക്ക് പ്രത്യേകമായ പരിഗണനയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെയാണ് കുഴൽക്കിണറുകളും. മണിക്കൂറിൽ 1000 ലിറ്ററിലധികം വെള്ളം കിട്ടുന്ന കുഴൽക്കിണറുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ കുഴൽക്കിണറുകൾ വഴി പല സ്ഥലങ്ങളിലേക്കും വെള്ളം എത്തിയ്ക്കാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ വളരെയധികം വെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് ഇത്തരം കുഴൽക്കിണറുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുത്തു കഴിഞ്ഞാൽ കൂടുതൽ ആളുകൾക്ക് വെള്ളം എത്തിക്കാനും അതു മുഖേന കൂടുതൽ ആളുകൾക്ക് പ്രയോജനമുണ്ടാക്കാനും സാധിക്കുമെന്നുള്ളതാണ് പരമാർത്ഥം.

അടുത്തതായി എനിക്ക് ഒരുകാര്യം പറയാനുള്ളത് സ്വയം തൊഴിൽ കണ്ടെത്തൽ കാര്യങ്ങളെ സംബന്ധിച്ചാണ്. സ്വയം തൊഴിൽ കണ്ടെത്തലിനെ സംബന്ധിച്ച് കോൺട്രിബ്യൂഷൻ അടയ്ക്കണമെന്നാണ് പറയുന്നത്. വളരെയധികം ആളുകൾ തൊഴിലില്ലാതെ ബുദ്ധിമുട്ടുന്ന ഒരു സംസ്ഥാനമാണ് കേരളം. അപ്പോൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ജനങ്ങൾ മുന്നോട്ടുവരികയാണ്, ചെറുപ്പക്കാർ മുന്നോട്ടുവരികയാണ്. 25,000 രൂപ ലോണെടുത്തുകൊണ്ട്, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതി നമ്മുടെ സംസ്ഥാന ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് നമ്മുടെ രാജ്യത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുണ്ടാക്കിയിട്ടുള്ള ഒരു പരിപാടിയാണ്. അവരെ സംബന്ധിച്ചിടത്തോളം കോൺട്രിബ്യൂഷൻ ഒഴിവാക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് മന്ത്രി പറയുന്നത്. എന്നാൽത്തന്നെയും ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മുൻകൈ എടുക്കണമെന്നാണ് പറയുന്നത്.

മറ്റൊരുകാര്യം ഹരിജൻ-ഗിരിജൻ കോളനികളെ സംബന്ധിച്ചിടത്തോളമുള്ളതാണ്. ആ കോളനികളിൽ വൈദ്യുതി കണക്ഷൻ കൊടുക്കണമെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട ആവശ്യം. വയനാട്ടിലെ ആദിവാസികൾ വളരെക്കാലമായി മുഴക്കിവരുന്ന ഒരു മുദ്രാവാക്യമാണ് ''വഴിവിളക്കും കുഴൽ വെള്ളവും എല്ലാവർക്കും വേണമെന്നുള്ളത്''. അതായത് പൈപ്പു വെള്ളവും ട്യൂബ്ലൈറ്റും കിട്ടണമെന്നുള്ളത് അവരുടെ ഒരാവശ്യമാണ്. അത് അവർ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2 കൊല്ലം മുൻപ് ആദിവാസി മേഖലകളിൽ ട്രൈബൽസിനു വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിയാതെ പണം ലാപ്സാകുകയുണ്ടായി. വനത്തിൽക്കൂടി കടന്നുപോകുമ്പോഴാണ് അതിനു തടസ്സമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അതിനു കാരണമായി പറയുന്നത്. വയനാട്ടിലെ നിരവധി സ്കീമുകളെ സംബന്ധിച്ചിടത്തോളം ഫോറസ്റ്റിന്റെ തടസ്സമില്ലാതെ കൊടുക്കാൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് വയനാടുപോലുള്ള പ്രദേശങ്ങളിൽ കൂടുതൽ പദ്ധതികൾ എടുക്കണമെന്നാണ് എന്റെ അഭിപ്രായം. മലബാറിനെ സംബന്ധിച്ചിടത്തോളം ആദിവാസി മേഖലകളിൽ നിരവധി കോളനികളിലും ഹരിജൻ മേഖലകളിലും കണക്ഷൻ കൊടുക്കാൻ സാധിക്കും. അത് പ്രത്യേകം പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം ജനറലായിട്ട് പറയാനുള്ളതെന്തെന്നാൽ അവിടെ ഉദ്യോഗസ്ഥൻമാർ ഡിപ്പാർട്ടുമെൻറിനു കോൺട്രിബ്യൂഷൻ നല്കാത്തതുകൊണ്ടാണ് ആശുപത്രിയിലും, ലിഫ്റ്റ്, ഇറിഗേഷനും അതുപോലെ കുഴൽക്കിണറുകൾക്കും കണക്ഷൻ കിട്ടാത്തതെന്നാണ് പറയുന്നത്. പക്ഷേ ജനങ്ങൾക്ക് അത് അറിയില്ല. എന്തുകൊണ്ടാണ് കണക്ഷൻ കിട്ടാത്തത് എന്നുള്ളതിനെക്കുറിച്ച് ജനങ്ങൾക്ക് വളരെയധികം ആശങ്കയുണ്ട്. ഇന്നയിന്ന കാരണം കൊണ്ടാണ് ഈ കാര്യത്തിൽ താമസമുണ്ടാകുന്നത് എന്ന് ഗവൺമെൻറ് വ്യക്തമാക്കണം. നമ്മുടെ വൈദ്യുതിയുടെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വിലയിരുത്തുന്നതിനുവേണ്ടി അഡ്വൈസറി കമ്മിറ്റികൾ നേരത്തെ ഇലക്ട്രിസിറ്റി ബോർഡിനുണ്ടായിരുന്നു. അത് സജീവമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്, അതുകൊണ്ട് നമ്മുടെ രാജ്യത്തിൽ അടിയന്തിരമായി വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകം പരിഗണിച്ച് വൈദ്യുതി കൊടുക്കാൻ നടപടിയുണ്ടാക്കാനും അതിനാവശ്യമായ നിർദ്ദേശങ്ങളും എത്രയും വേഗം നല്കാനും അതോടൊപ്പംതന്നെ ഡൈവൈസറി കമ്മിറ്റികളും ഉണ്ടാക്കാനുമുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് തീരുമാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ഈ അവസരത്തിൽ ചില വസ്തുതകളും ഞാൻ സഭയുടെ മുമ്പാകെ അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി വന്നിട്ട് ഏതാണ്ട് അൻപതു വർഷത്തിലേറെ ആയിട്ടുണ്ട്. കണക്കുകളും കൊണ്ട്. എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്ന കാര്യം, എനിക്ക് ബോദ്ധ്യപ്പെട്ട കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. 50 വർഷക്കാലം കൊണ്ട് ഈ സംസ്ഥാനത്താകെ കൊടുക്കാൻ സാധിച്ചിട്ടുള്ള ഇലക്ട്രിസിറ്റി കണക്ഷന്റെ 40 ശതമാനത്തോളം കണക്ഷൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഈ നാലേമുക്കാൽ വർഷക്കാലം കൊണ്ട് ഈ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കീഴിൽ പ്രത്യേകിച്ച് ശ്രീ. ബാലകൃഷ്ണപിള്ളയുടെ, ബഹുമാന്യനായ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ കീഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്ന വസ്തുത ഈ അവസരത്തിൽ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വകുപ്പിന്റെയും പ്രത്യേകിച്ച് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെയും ഒരു നേട്ടം തന്നെയാണ്. അത് കുറച്ചുകണ്ടിട്ട് കാര്യമില്ല. കണക്ഷന്റെ കാര്യത്തിൽ മാത്രമല്ല

.....

ശ്രീ. വി. ജെ. തങ്കപ്പൻ : മനോരാജ്യത്തിൽ 40 ശതമാനം കണക്ഷൻ കൊടുത്തുവെന്ന് പറഞ്ഞു. മനോരാജ്യത്തിന് അതിരുവേണ്ട. ഒരു 70 ശതമാനമെന്ന് പറഞ്ഞുകൂടെ ?

ശ്രീ. പി. പി. തങ്കച്ചൻ : അതുപോലെതന്നെ ഈ കണക്ഷൻ കൊടുത്തിട്ടുള്ള കാര്യത്തിൽ മാത്രമല്ല ജനറേഷന്റെ കാര്യത്തിലേയ്, സർ. ഇന്ന് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പാദന രംഗത്ത് ഈ നാലേമുക്കാൽ വർഷക്കാലം കൊണ്ട് 50 വർഷക്കാലമുണ്ടാക്കിയിട്ടുള്ള ഉൽപ്പാദനത്തിന്റെ ഒന്നുപകുതി അതായത് ഏകദേശം 50 ശതമാനം ജനറേഷൻ രംഗത്ത് വർദ്ധനവുണ്ടാക്കാൻ ഈ ഗവൺമെന്റിനും ഈ വകുപ്പിനും പ്രത്യേകിച്ച് അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിക്കും കഴിഞ്ഞിട്ടുണ്ട്. ഇവിടെ വളരെയേറെ പ്രഗൽഭർ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന (ഞാൻ നിഷേധിക്കുന്നില്ല പ്രഗൽഭർ തന്നെയാണ് അവർ) സഖാവ് എം. എൻ. ഗോവിന്ദൻ നായരുടെ കാലഘട്ടത്തിൽ പോലും ഒരു വർഷക്കാലം 50,000 കണക്ഷനുകളാണ് കൊടുത്തിട്ടുള്ളതെങ്കിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ രണ്ടുലക്ഷം കണക്ഷൻ ഈ ഗവൺമെന്റിനു കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് നമുക്ക് നിഷേധിക്കാനാവാത്ത ഒരു നേട്ടമാണ്. അത് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന് ആലോചിക്കേണ്ടതുണ്ട്. ഈ കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലംകൊണ്ട് ഈ ഗവൺമെന്റ് എട്ടുലക്ഷംപേർക്ക് വൈദ്യുതി കണക്ഷൻ കൊടുത്തുവെന്ന് പറഞ്ഞാൽ അത് എടുത്തുപറയാവുന്ന ഒരു നേട്ടം തന്നെയാണ്. നമ്മുടെ ഫൈവ് ഇയർ പ്ലാനിലൊക്കെ ഇന്ന് ഇലക്ട്രിസിറ്റി ബോർഡിന് ഗിയോഗിക്കപ്പെട്ടിട്ടുള്ള ടാർജറ്റിന്റെ ഒരിരട്ടിയല്ല രണ്ടിരട്ടിയല്ല മൂന്നിരട്ടി നേട്ടം ഈ നാലേമുക്കാൽ വർഷക്കാലം കൊണ്ട് ബോർഡിന് നേടാൻ സാധിച്ചിട്ടുണ്ടെന്ന് പറഞ്ഞാൽ അത് ആർക്കും തന്നെ നിഷേധിക്കാനാവാത്ത ഒരു നേട്ടം തന്നെയാണ്. അങ്ങനെ ഈ കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം ഈ രംഗത്ത് അഭൂതപൂർവ്വമായ

LIBRARY ARCHIVES Kerala Legislative Assembly

ഗണ്യമായ, ആർക്കുംതന്നെ നിഷേധിക്കാനാവാത്ത രീതിയിലുള്ള, എടുത്തുപറയത്തക്ക രീതിയിലുള്ള നേട്ടങ്ങൾ കൈവരുത്താൻ ഇലക്ട്രിസിറ്റി ബോർഡിന് സാധിച്ചിട്ടുണ്ട് എന്നുള്ള വസ്തുത ഞാൻ ഈ സഭയുടെ മുമ്പാകെ എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇതു പറയുമ്പോൾ തന്നെ മറ്റു ചില കാര്യങ്ങൾ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപയോഗം ദിവസംതോറും കൂടിക്കൊണ്ടുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെയും പരിപാടികളെയും തുടർന്ന് ആർ.എൽ.ഇ.ജി.പി. വീടുകൾ, എൻ.ആർ.ഇ.പി. പണി തീർത്തിട്ടുള്ള വീടുകൾ, ശ്രീ. പി. ജെ. ജോസഫിന്റെ റവന്യൂ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള വീടുകൾ അങ്ങനെ ലക്ഷക്കണക്കിന് വീടുകൾ ഇവിടെ പുതിയതായി ഉണ്ടാകുന്നുയെന്നുള്ളതുകൊണ്ടും ആ വീടുകൾക്കൊക്കെ വൈദ്യുതി ഉപയോഗം വേണ്ടിവരുന്നുയെന്നുള്ളതുകൊണ്ടും നമ്മുടെ വൈദ്യുതിയുടെ ഉപയോഗം വർഷം തോറും വളരെയേറെ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. വൈദ്യുതി ബോർഡിന് സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ഈ പറയുന്നതുപോലുള്ള കണക്ഷനുകൾ വിചാരിക്കുന്നതുപോലെ കിട്ടാത്തത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഗവൺമെന്റ് ആ കാര്യം ഗൗരവത്തിലെടുത്തുകൊണ്ട് വിദ്യുച്ഛക്തി ബോർഡിനെക്കൂടി സഹായിക്കണം. വിദ്യുച്ഛക്തി ബോർഡ് ഈ കാര്യത്തിൽ വളരെ പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെ ഒരു സമയബന്ധിത പരിപാടിയിൽ ചേർത്തുകൊണ്ട് ഈ പാവപ്പെട്ട ആളുകൾക്കും വീടുകൾക്കും, സെൽഫ് എംപ്ലോയ്മെന്റ് സ്കീമിനൊക്കെ പണം കടമെടുത്തിട്ടുള്ള ഇൻഡസ്ട്രിക്കും അതുപോലെ ഇറിഗേഷൻ പദ്ധതികൾക്കും കൂടിവെള്ളം അതുപോലുള്ള പദ്ധതികൾക്കുമൊക്കെ കണക്ഷൻ കൊടുക്കാൻ മുന്നോട്ട് വരണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(1986 നവംബർ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly